# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **860** 　　　　**30.11.2018**-ന് മറുപടിയ്ക്ക്

## സംസ്ഥാന പിന്നോക്ക വികസന കോർപ്പറേഷനിൽ നിന്നുള്ള വായ്പ വിതരണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി. കെ. ബഷീർ :** | **ശ്രീ. എ. കെ. ബാലൻ**<br>(പട്ടികജാതി - പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) |
| (എ) ഫണ്ടിന്റെ അഭാവം മൂലം സംസ്ഥാന പിന്നോക്ക വികസന കോർപ്പറേഷനിൽ നിന്നും വായ്പ നൽകുന്നതിന് തടസ്സം നേരിടുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ ;<br><br>(ബി) വിവിധ തരം വായ്പകൾക്കായി അനുവദിച്ചിട്ടുള്ള തുകകളിൽ കുറവുവരുത്തിയത് പിൻവലിച്ച് നിയമ പ്രകാരം അനുവദിച്ചിട്ടുള്ള തുകകൾ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ ; | (എ) യും (ബി) യും ഇല്ല ; വായ്പാ പദ്ധതികളിൽ അനുവദിച്ചിട്ടുള്ള വായ്പാ തുകയിൽ കുറവ് വരുത്തിയിട്ടില്ല. എന്നാൽ മിക്ക പദ്ധതികളുടെയും പരമാവധി വായ്പാ തുകയിൽ ഈ സാമ്പത്തിക വർഷം വർദ്ധനവ് വരുത്തിയിട്ടുമുണ്ട്. |
| (സി) പ്രസ്തുത സ്ഥാപനത്തിന് ആവശ്യം വേണ്ട തുകകൾ അനുവദിക്കുന്നതിനും തദ്വാര അതിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും സത്വര നടപടികൾ സ്വീകരിക്കുമോ ? | (സി) പ്രധാനമായും ദേശീയ ഏജൻസികളുടെ ഫണ്ട് ഉപയോഗിച്ചാണ് കോർപ്പറേഷൻ വായ്പാ പദ്ധതികൾ നടപ്പിലാക്കി വരുന്നത്. കൂടാതെ സംസ്ഥാന സർക്കാരിന്റെ മൂലധന സഹായം, കോർപ്പറേഷന്റെ ലാഭവിഹിതം എന്നിവ ഉപയോഗിച്ചും പദ്ധതി നടപ്പിലാക്കി വരുന്നു. ദേശീയ ഏജൻസികളിൽ നിന്നും കൂടുതൽ തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ